# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ പോർക്കളം ഗ്രാമപഞ്ചായത്തിലെ 2007-08 മുതൽ 2010-11 വരെയുള്ള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 5,93,963/- (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ ചെലവിനും ഖണ്ഡിക 3.28 പ്രകാരമുള്ള പ്രവൃത്തികൾക്കും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.3251/2018/തസ്വഭവ. തിരുവനന്തപുരം, തീയതി. 28.12.2018.

---

പരാമർശം:- 1) തൃശ്ശൂർ ജില്ലയിലെ പോർക്കളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.01.2014 ലെ എ 1 .6902(2)/13 നമ്പർ അപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 19.12.2014 ലെ എം3-47964/14 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 03.06.2015 ലെ എൽ.എഫ്.3612/ പിറ്റി2/2015 നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 4.07.2016 ലെ എം3-47964/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ പോർക്കളം ഗ്രാമപഞ്ചായത്തിലെ 2007-08 മുതൽ 2010-11 വരെയുള്ള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 5,93,963/- രൂപയുടെ ചെലവ്, ഖണ്ഡിക 3.28 പ്രകാരമുള്ള ചെലവ് എന്നിവയ്ക്ക് സർക്കാർ സാധൂകരണം ആവശ്യപ്പെട്ട് പോർക്കളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന (1)പ്രകാരം ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകുകയുണ്ടായി. തൃശ്ശൂർ പോർക്കളം ഗ്രാമപഞ്ചായത്ത് വെള്ളക്കര കുടിശ്ശിക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവാക്കിയതിനാൽ ടി ഇനത്തിൽ 2009-10, 2010-11 വർഷങ്ങളിൽ അടവാക്കിയ 2,21,443/- രൂപ, 3,72,520/-രൂപ (ആകെ 5,93,963/-രൂപ) എന്നിവയുടെ ചെലവുകൾ 2007-08 മുതൽ 2010-11 വരെയുള്ള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7 പ്രകാരവും, 2008-09, 2009-10 വർഷങ്ങളിൽ റോഡ് പ്രവർത്തികൾക്ക് പോർക്കളം ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചപ്പോൾ ടാർ വാങ്ങി നൽകുമെന്ന് വ്യക്തമാക്കാതെ 2008-09 ൽ 196 ബാരൽ ടാർ ഐ.ഒ.സി. യിൽ നിന്നും 2009-10 ൽ 216 ബാരൽ ടാർ സിഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ടി പ്രവൃത്തികൾ 2007-08 മുതൽ 2010-11 വരെയുള്ള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.28 പ്രകാരവും തടസ്സപ്പെടുത്തിയിരുന്നതിനാലാണ് പോർക്കളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇപ്രകാരം സാധൂകരണത്തിനായി അപേക്ഷ സമർപ്പിച്ചത്. പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ ലഭിച്ചതിനെ തുടർന്ന് ടി സാധൂകരണ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ സൂചന (2)ലെ

19.12.2014 ലെ കത്ത് മുഖേന സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ ആയതിൻമേൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ആരായുകയും ആയത് സൂചന (3) പ്രകാരം സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ഖണ്ഡിക 3.7 പ്രകാരമുള്ള ചെലവിനെ സംബന്ധിച്ച്, വെള്ളക്കരം കുടശ്ശിക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അനുവദനീയമായ പരിധിയിൽ അധികം ചെലവാക്കി അടവാക്കിയിരുന്നുവെങ്കിലും ചെലവുകൾക്ക് (5,93,963/- രൂപ) സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും ഖണ്ഡിക 3.28 പ്രകാരമുള്ള പ്രവൃത്തിയെ സംബന്ധിച്ച്, ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കാതെ 2008-09, 2010-11 വർഷങ്ങളിൽ യഥാക്രമം 196, 216 ബാരൽ ടാർ വാങ്ങി വിതരണം നടത്തിയെങ്കിലും ടി പ്രവൃത്തികൾക്കും സാധൂകരണം നൽകുന്ന കാര്യത്തിൽ യുക്തമായ തീരുമാനം സർക്കാരിന് കൈക്കൊള്ളാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. മാത്രവുമല്ല സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ലഭിച്ചതിനുശേഷം മേൽ വിവരിച്ച ഓഡിറ്റ് ഖണ്ഡികകളായ 3.7, 3.28 എന്നിവ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാണോ എന്ന വിവരം അറിയിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെടുകയും തുടർന്ന് സൂചന (4)ലെ കത്ത് മുഖേന ടി പ്രവൃത്തികൾ നടപ്പിലാക്കുകവഴി പൊതുജനങ്ങൾക്ക് വളരെ ഉപയോഗപ്രദമായിട്ടുണ്ടെന്നും മെച്ചപ്പെട്ട ഗതാഗതസൗകര്യം പ്രദാനം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പോർക്കളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാധൂകരണ അപേക്ഷ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, എന്നിവ കണക്കിലെടുത്തും പോർക്കളം പഞ്ചായത്ത് കമ്മിറ്റിയുടെ 17.12.2013 ലെ 14(1)/13, 14(2)/13 നമ്പർ തീരുമാനങ്ങൾ, തൃശ്ശൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17.10.2014 ലെ 7,8 നമ്പർ ശിപാർശകൾ, ഖണ്ഡികകൾ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഉപയോഗപ്രദവും ഗുണാത്മകവുമാണെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ചും തൃശ്ശൂർ ജില്ലയിലെ പോർക്കളം ഗ്രാമപഞ്ചായത്തിലെ 2007-08 മുതൽ 2010-11 വരെയുള്ള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 5,93,963/- (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ ചെലവിനും ഖണ്ഡിക 3.28 പ്രകാരമുള്ള പ്രവൃത്തികൾക്കും സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി, പോർക്കളം ഗ്രാമപഞ്ചായത്ത്, ഇടുക്കി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**